## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1315

11.02.2016-ൽ മറുപടിയ്ക്ക്

### റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ.റ്റി.യു. കുരുവിള | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷന വേണ്ടി 20 കോടി രൂപ അനുവദിക്കുന്നതിനുള്ള ശുപാർശയ്ക്ക് അംഗീകാരം നൽകി കഴിഞ്ഞു. ഉടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റോഡിനായി സ്ഥലം ഏറ്റെടുത്ത വകയിൽ ഉടമകൾക്ക് പണം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) രണ്ടാം ഘട്ടത്തിൽ അനുവദിച്ച തുക ഭൂമി ഏറ്റെടുത്ത വകയിൽ ഉടമകൾക്ക് നൽകി വരുന്നു. ഇപ്പോൾ അനുവദിച്ച തുകയും നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ